# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-173 01.12.2014-ൽ മറുപടി നൽകേണ്ടത്

### എംജി.കോളേജിൽ സി.ഐ. യെ ബോംബെറിഞ്ഞ് കൊലപ്പെടുത്താൻ ശ്രമിച്ച സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) എം.ജി.കോളേജിൽ സി.ഐ. യെ ബോംബെറിഞ്ഞ് കൊലപ്പെടുത്താൻ ശ്രമിച്ച ആർ.എസ്.എസ്. പ്രവർത്തകർക്കെതിരെയുള്ള കേസ് പിൻവലിച്ചത് ഏത് സാഹചര്യത്തിലാണ്; | (എ) പ്രസ്തുത കേസിലെ 17-ാം പ്രതി ആദർശിന് സർക്കാർ ജോലി കിട്ടാതെ പോകുന്ന സാഹചര്യമുണ്ടായപ്പോൾ ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മാനുഷിക പരിഗണന നൽകിയാണ് ടി കേസ് പിൻവലിക്കുവാൻ സർക്കാർ സമ്മതപത്രം നൽകിയത്. |
| (ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്ത കേസുകളിൽ എത്ര പ്രതികൾ ഉണ്ടായിരുന്നു; അവർ ആരൊക്കെ; | (ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് 100 പേരെ പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിൽ 28 പ്രതികളെ തിരിച്ചറിഞ്ഞിട്ടുള്ളതും അവർക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാകുന്നു. A1.അനൂപ്, A2.ശ്രീകണ്ഠൻ, A3.വിപിൻ, A4.രാജീവ്, A5.ഓമനകുട്ടൻ, A6.ശ്രീജിത്ത്, A7.അരുൺ.എസ്.നായർ, A8.അനൂപ്, A9.വിഷ്ണു, A10.അനൂപ്, A11.ശ്രീശാന്ത്, A12.രതീഷ്കുമാർ, A13.സുമേഷ്, A14.അനൂപ്, A15.പ്രശാന്ത്, A16.വിനീത്, A17.ആദർശ്, A18.വിജിൽഖാൻ, A19.വിനീത്, A20.ബൈജു, A21.വിനേഷ് കുമാർ, A22.മധു, A23.വിഷ്ണു, A24.ധനേഷ്, A25.അഭിലാഷ്, A26.നിതിൻ കുമാർ, A27.സുധീഷ്, A32.അനീഷ്. |

*(തുടർച്ച പുറം-2)*

(സി) പോലീസ് രജിസ്റ്റർ ചെയ്യുന്ന ക്രിമിനൽ കേസുകളിൽ ആരെങ്കിലും നിരപരാധിയായിട്ടുണ്ടെങ്കിൽ അയാളുടെ നിരപരാധിത്വം തെളിയിക്കേണ്ടത് കോടതിയിലാണോ; എങ്കിൽ ഏത് നടപടിക്രമത്തിലൂടെ;

(സി) പോലീസ് രജിസ്റ്റർ ചെയ്യുന്ന ക്രിമിനൽ കേസുകളിൽ കുറ്റാരോപിതനായ വ്യക്തി തന്റെ നിരപരാധിത്വം തെളിയിക്കേണ്ടത് കോടതിയിലാണ്. വ്യവസ്ഥാപിത നിയമ നടപടികൾ പാലിച്ചുകൊണ്ട് വിചാരണ പൂർത്തിയാക്കിയശേഷമാണ് നിരപരാധിയാണോ അല്ലയോ എന്ന് തീരുമാനിക്കുന്നത്. 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയും 1872-ലെ ഇന്ത്യൻ തെളിവു നിയമവുമാണ് ഇതു സംബന്ധിച്ചുള്ള നടപടിക്രമങ്ങളും നിയമതത്വങ്ങളും വിവക്ഷിക്കുന്നത്.

(ഡി) ഇതിന് വ്യത്യസ്തമായി കേസിലെ ഒരാൾ നിരപരാധിയാണെന്ന് ബോധ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ എല്ലാവരുടെയും പേരിലുള്ള കേസ് പിൻവലിക്കാൻ സമ്മതം നൽകി മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായോ; ഒരാൾ നിരപരാധിയാണെന്ന് മുഖ്യമന്തിയ്ക്ക് ബോധ്യം വന്നാൽ കേസിലെ മറ്റ് പ്രതികൾ കുറ്റക്കാരല്ലാതാവുന്നത് നിയമാനുസൃതമാണോ? എങ്കിൽ ഏത് നിയമത്തിന്റെയടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

(ഡി) സർക്കാർ ഇത്തരം സാഹചര്യങ്ങളിൽ പ്രോസിക്യൂഷൻ പിൻവലിക്കുന്നതിലേയ്ക്ക് സമ്മതപത്രം നൽകുകയും ഇക്കാര്യം കളക്ടർ മുഖേന പ്രോസിക്യൂട്ടറെ അറിയിക്കുകയുമാണ് ചെയ്യുന്നത്. കേസിന്റെ ചാർജുള്ള പബ്ലിക് പ്രോസിക്യൂട്ടർ കാര്യങ്ങൾ സ്വതന്ത്രമായി പരിശോധിച്ച് കോടതിയുടെ അനുമതിയോടു കൂടി പ്രോസിക്യൂഷൻ പിൻവലിക്കുന്നതിന് അപേക്ഷിക്കു കയാണ് ചെയ്യുന്നത്. വകുപ്പ് 321 പ്രകാരം ഒരു പ്രതിക്കെതിരായ കേസ്സോ, എല്ലാ പ്രതികൾക്കുമെതിരായ കേസ്സോ, ഒരാളെ വിചാരണ ചെയ്യുന്ന കുറ്റങ്ങളിൽ ഏതെങ്കിലും ഒന്നോ, എല്ലാമോ സംബന്ധിച്ചും പിൻവലിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുള്ളതാണ്. പബ്ലിക് പ്രോസിക്യൂട്ടറാണ് ഇത്തരം കാര്യങ്ങളെ സംബന്ധിച്ച തന്റെ വിവേചനാധികാരം ഉപയോഗിച്ച് ഒരു തീരുമാനം കൈക്കൊള്ളേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതും. പ്രോസിക്യൂഷൻ പിൻവലിക്കുന്ന സന്ദർഭത്തിൽ സർക്കാരോ പ്രോസിക്യൂട്ടറോ കോടതിയോ, ഒരു പ്രതിയോ എല്ലാ

*(തുടർച്ച പുറം-3)*

പ്രതികളുമോ ആ കേസ്സിൽ അപരാധിയാണോ നിരപരാധി യാണോ എന്ന കാര്യം പരിശോധിക്കേണ്ട ആവശ്യമില്ലാത്തതാ കുന്നു. അപ്രകാരം ഒരു പരിശോധന നിയമം അനുശാസിക്കുന്നുമില്ല.

സെക്ഷൻ ഓഫീസർ